**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6370** **20-03-2023 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദത്തിന്റെ മഹനീയ മാതൃകകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിൽ തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനായി ഒരുക്കിയ ഇടത്താവളങ്ങൾക്കൊപ്പം ഇതര മതസ്ഥരുടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൂടി ഉള്ളതിനാൽ മത സൗഹാർദ്ദത്തിന്റെ മഹനീയ മാതൃകകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വരും കാലങ്ങളിലും സമാനരീതിയിൽ ഇതര മതവിശ്വാസികളോട് പരസ്പര ബഹുമാനവും സ്നേഹവും പുലർത്തുന്നതിന് ഉതകുന്ന ഇടപെടലുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശബരിമല തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനായി ഒരുക്കിയ ഇടത്താവളങ്ങളിൽ എരുമേലി പോലുള്ളയിടങ്ങളിൽ ഇതരമതസ്ഥരുടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൂടി ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത്തരം സ്ഥലങ്ങളിൽ ദർശനത്തിന് എത്തുന്ന അയ്യപ്പ ഭക്തർ മറ്റ് മതസ്ഥരുടെ ആരാധനാലയങ്ങളിലും ദർശനം നടത്തിയാണ് മതപരമായ ചടങ്ങുകൾ പൂർത്തിയാക്കുന്നത്. കൂടാതെ ആചാരപരമായ മുഖ്യമായ ചടങ്ങുകളിൽ രണ്ട് മതസ്ഥർക്കും മുഖ്യ സ്ഥാനങ്ങൾ നൽകി ആദരിച്ചാണ് ചടങ്ങുകൾ പൂർത്തിയാക്കുന്നത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അയ്യപ്പ ഭക്തർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി നൽകുന്ന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഇതര മതവിശ്വാസികളുടെ സൗഹാർദ്ദപരവും മനുഷ്യത്വപരവുമായി പ്രവൃത്തികൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തീർത്ഥാടകരുടെ പോലും പ്രശംസ ലഭിച്ചിട്ടുള്ള ഒന്നാണ്. വരും വർഷങ്ങളിലും ഇത്തരം പരസ്പര സഹകരണത്തിനുതകും വിധം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ